## പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

05.10.2016-ലെ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1864

### പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഐ.സി. ബാലകൃഷ്ണൻ | ശ്രീ.എ.കെ ബാലൻ<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും. നിയമവും സാംസ്കാരികവും, പാർലമെന്ററികാര്യവും വകുപ്പമന്ത്രി) |
| എ) പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് എന്തെല്ലാം ഫലപ്രദമായ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങളിലും പീഢനങ്ങളിലും കുറ്റവാളികൾക്കെതിരെ സത്വര നടപടികൾ കർശനമായി സ്വീകരിച്ചുവരുന്നു. പട്ടികവർഗ്ഗ വിഭാഗക്കാരെ അവരുടെ അവകാശങ്ങളെ കുറിച്ച് ബോധവൽക്കരിച്ചും. പട്ടികവർഗ്ഗ കോളനികളിൽ സന്ദർശനം നടത്തിയും, പരാതികൾ സ്വീകരിച്ചും ദ്രുതഗതിയിൽ പരാതികളിൽ പരിഹാരം കണ്ടും, എസ്.സി/എസ്.ടി മോണിറ്ററിംഗ് സെല്ലിന്റെ കാര്യക്ഷമമായ ഇടപെടലുകൾ മൂലവും, പട്ടികവർഗ്ഗ വിഭാഗക്കാർക്കെതിരെയുള്ള അതിക്രമങ്ങളും പീഢനങ്ങളും ശ്രദ്ധയിൽപ്പെട്ടാൽ ഫല പ്രദമായ നടപടികൾ സ്വീകരിച്ച വരുന്നുണ്ട്. |
| ബി) 1989 ലെ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയൽ നിയമം നടപ്പിലാക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികളും, പുനരധിവാസ പദ്ധതികളും എന്തെല്ലാമാ- | (ബി) 1989 ലെ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമം തടയൽ നിയമം ആദിവാസികൾക്കുനേരെ നടക്കുന്ന അതിക്രമങ്ങൾ തടയുവാൻ പര്യാപ്തമാണ്. ഇത് പ്രകാരം നടപടി സ്വീകരിക്കുന്നുണ്ട്. |

ണെന്ന് വ്യക്തമാക്കാമോ;

ഒറ്റപ്പെട്ട സ്ഥലങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗത്തിലെ ദുർബ്ബലരും നിയമ പരിരക്ഷകളെക്കുറിച്ച് അവബോധമില്ലാത്തവർക്കുമാണ് ഇപ്പോഴും പീഡനങ്ങളും ചൂഷണങ്ങളും അനുഭവപ്പെടുന്നതെന്ന് കണ്ടെത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ സ്ത്രീകൾക്കിടയിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ സംഘടിപ്പിച്ച് ശക്തിപ്പെടുത്തി കൂട്ടായ പ്രവർത്തനങ്ങളിലൂടെ ശാക്തീകരിക്കുന്നതിനും, നൈപുണ്യ വികസനത്തിലൂടെ പുതിയ തൊഴിലവസരങ്ങൾ കണ്ടെത്തി വരുമാന വർദ്ധനവിലൂടെ സ്വാശ്രയത്വത്തിലേക്ക് നയിക്കുന്നതിനും പരിശ്രമങ്ങൾ നടന്നുവരുന്നുണ്ട്.

പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ/ചൂഷണങ്ങൾ തടയുന്നതിനെതിരെയും അവർക്ക് ലഭ്യമാകുന്ന നിയമ പരിരക്ഷകൾ സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനും ലീഗൽ സർവ്വീസ് സൊസൈറ്റി മുഖേനയായും തദ്ദേശീയരായ അഭിഭാഷകരുടേയും പൊതു പ്രവർത്തകരുടെയും സഹകരണത്തോടു കൂടി നടപടികൾ സ്വീകരിക്കാറുണ്ട്. ജില്ലകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വേണ്ടി സെമിനാറുകൾ/ ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയുടെ മേൽ നോട്ടത്തിൽ ഫീൽഡ് തലത്തിൽ പ്രോജക്റ്റ് ഓഫീസർ/ ട്രൈബൽ ഡവലപ്മെന്റ് ഓഫീസർമാർ മുഖേന സംഘടിപ്പിക്കുന്നുണ്ട്. എല്ലാ വർഷവും

സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണ ത്തോടനുബന്ധിച്ച് പട്ടികജാതി/പട്ടികവർഗ്ഗ ക്കാർക്ക് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ച് വരുന്നുണ്ട്. അതിക്രമ- ങ്ങൾക്ക് വിധേയരാകുന്നവരെ പുനരധി വസിപ്പിക്കുന്നതിനും, അതിക്രമങ്ങൾക്ക് വിധേയാകുന്നവർക്ക് സൗജന്യ നിയമ സഹായം, അർഹമായ കേസ്സുകളിൽ ആശ്രിതർക്ക് സർക്കാർ ജോലി, ആശ്രിതർക്കുള്ള ധനസഹായം തുടങ്ങിയ പരിരക്ഷകളും ഉറപ്പ് വരുത്തുന്നുണ്ട്. 1989 ലെ പട്ടികജാതി-പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമ പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസ്സുകളുടെ അന്വേഷണം, കേസ്സുകളുടെ നടത്തിപ്പ് എന്നിവ സുഗമമാക്കുന്നതിനായി വയനാട്, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ സ്പെഷ്യൽ മൊബൈൽ സ്ക്വാഡുകളും, കേസ്സുകളുടെ സമയബന്ധിത തീർപ്പാക്ക- ലിനു മലപ്പുറം ജില്ലയിലെ മഞ്ചേരിയിലും വയനാട് ജില്ലയിലെ മാനന്തവാടിയിലും കൊല്ലം ജില്ലയിലെ കൊട്ടാരക്കരയിലും പാലക്കാട് ജില്ലയിലെ മണ്ണാർക്കാടും സ്പെഷ്യൽ കോടതികളും പ്രവർത്തിച്ചു വരുന്നു.

സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെ എത്ര അതിക്രമങ്ങൾ നടന്നിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെ എത്ര അതി- ക്രമങ്ങൾ നടന്നിട്ടുണ്ടെന്നുള്ള ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.

ഡി) പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതി-ക്രമങ്ങൾ തടയുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ്, ആഭ്യന്തര വകുപ്പുമായി ചേർന്ന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ്, ആഭ്യന്തര വകുപ്പുമായി ചേർന്ന് കോളനികളും മറ്റും കേന്ദ്രീകരിച്ച് ബോധവൽക്കരണ ക്ലാസുകളും മറ്റും നടത്തിവരുന്നു.

ഇ) അതിക്രമങ്ങൾക്ക് ഇരയായ പട്ടികവർഗ്ഗക്കാർക്ക് ലഭിക്കേണ്ട അർഹ-തപ്പെട്ട ആനുകൂല്യങ്ങൾ പരിഷ്കരിക്കു-ന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(ഇ) നിലവിലെ ചട്ടങ്ങൾ പ്രകാരം അനുവദിക്കുന്ന സമാശ്വാസ ധനസഹായത്തിന്റെ തോത് പരിഷ്കരിക്കുകയും 7 ദിവസത്തിനുള്ളിൽ ധനസഹായം അതിക്രമത്തിനിരയായവർക്ക് ലഭ്യമാക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

Rashmi

**സെക്ഷൻ ഓഫീസർ**

അനുബന്ധം-

| No. of Cases Registered Under SC/SC POA Act | | |
|---|---|---|
| Districts | പട്ടികജാതിക്കാർക്കെതിരെയുള്ള അതിക്രമങ്ങളുടെ എണ്ണം | പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങളുടെ എണ്ണം |
| TVMC | 19 | 1 |
| TVMR | 39 | 4 |
| KLMC | 10 | 1 |
| KLMR | 13 | 1 |
| PTA | 16 | 0 |
| ALP | 11 | 1 |
| KTM | 25 | 3 |
| IDK | 27 | 6 |
| EKMC | 14 | 1 |
| EKMR | 27 | 0 |
| TSRC | 5 | 0 |
| TSRR | 29 | 0 |
| PKD | 21 | 6 |
| MPM | 26 | 6 |
| KKDC | 11 | 0 |
| KKDR | 14 | 2 |
| WYD | 6 | 45 |
| KNR | 10 | 3 |
| KSD | 4 | 6 |
| RLY | 1 | 1 |
| **Total** | **328** | **87** |

For SPC
2019

Rashula
S-O